THRIKKAIPETTA
GOVT. HIGH SCHOOL
WAYANAD







# e.താൾ

## DIGITAL MAGAZINE 2024

little KITEs

# ആശംസ

തൃക്കൈപ്പറ്റ ഗവ . ഹൈസ്ക്കൂളിലെ വിദ്യാർത്ഥികൾ ലിറ്റില് കൈറ്റ്സിന്റെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധികരിക്കുന്നതിൽ അതിയായ സന്തോഷം രേഖപ്പെടുത്തുന്നു. മാഗസിൻ നിർമാണത്തിൽ പങ്കെടുത്ത എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ. സാങ്കേതികവിദ്യയിലും സർഗാത്മകതയിലും ഇനിയും ഏറെ ഉയരങ്ങളിലേക്ക് ചിറകടിച്ചുയരാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു..

ഹെഡ്മിസ്ട്രസ്,

സൈലജ എ. ജി

GHS THRIKKAIPETTA



CHEIF EDITOR : ALAN K.S

ASST. EDITOR : AMAL MANOJ

CO. EDITORS : ABHIMANYU SURESH
AKSHAY T.S
ALBERT ABRAHAM
AMITH DEV
RIFAH THASHREEF
DEVASREE K.A
DEVANANDA
ADITHYA E.R

# മുഖമൊഴി

വിദ്യാലയങ്ങൾ എന്നും സർഗാത്മകതയുടെ വിളനിലങ്ങളാണ്. കേവലം അക്കാദമിക പ്രവർത്തനങ്ങൾക്കപ്പുറം കലയും സാഹിത്യവും ഇന്ന് വിദ്യാർത്ഥികൾക്ക് കൂട്ടായിക്കഴിഞ്ഞു. എന്നാൽ പതിവ് കാഴ്ച്ചകളിൽ നിന്നും വ്യത്യസ്തമായി ചിറകുമുളച്ച സർഗ്ഗഭാവനകൾക്ക് ഇവിടെ ഡിജിറ്റൽ ഇതളുകൾ കൂട്ടാവുകയാണ്. ഡിജിറ്റൽ ലോകത്തിലെ അനന്തവിഹായസ്സിലേക്ക് സുരക്ഷിതമായ ചിറകുകൾ വിരിച്ച് പറന്നുയരാൻ വിദ്യാലയത്തിൽ നിന്നും ലഭിച്ച ഈ അനുഭവം എന്നും തുണയാകും.

- എഡിറ്റർ

# നിറങ്ങളായി വന്ന സ്വപ്നങ്ങളെ

നിറങ്ങളായി വന്ന സ്വപ്നങ്ങളെ
ഒരുപിടി നോവിനെ കളിരേകാൻ
വന്ന സ്വപ്നങ്ങളെ ,
നിറമേറും വർണ്ണങ്ങൾ ഏകുവാൻ
തണലായി വന്ന സ്വപ്നങ്ങളെ ,
ആനന്ദമാം നിറത്തിനെ തേരായി
വന്ന സ്വപ്നങ്ങളെ ,
മനസ്സിൽ ആഗ്രഹങ്ങളാം വന്ന
സ്വപ്നങ്ങളെ ,
സംഗീതമാം സപ്തസ്വരങ്ങളായി
വന്ന സ്വപ്നങ്ങളെ ,
ജ്വലനമാം അഗ്നിയെ പ്രണയ -
വാനിലേക്ക് നയിച്ച വർണ്ണങ്ങളെ -
തൻ നിറങ്ങളായി വന്ന
സ്വപ്നങ്ങളെ ,
നിറങ്ങളായി വന്ന സ്വപ്നങ്ങളെ ,.....



# പാഴായമോഹം


എനിക്കുണ്ടായിരുന്നൊരു മോഹം
അതെന്റെ ചെറുമോഹം.
ആ മോഹം എന്മനസ്സിൽ
പതിഞ്ഞ ചെറുമോഹം.
കാലങ്ങളായി ഞാൻ കാത്തിരിക്കുന്ന
എൻ മോഹം.
കഥയായി പറഞ്ഞും
കവിതയായി പാടിയും
കാത്തിരുന്ന് ഞാൻ
എന്റെ മോഹം .
നാളുകൾ ഏറെ കഴിഞ്ഞിട്ടും
നടക്കാത്തതെന്തേ എന്റെ മോഹം
പതിയെ എനിക്ക് മനസ്സിലായി
എന്റെ പാഴായി എന്ന്.



# അമ്മുവിൻറെ സ്വപ്നം

കുട്ടികളെ നിങ്ങൾ ഒന്ന് തല്ലുകൂടാതിരിക്കൂ.'അമ്മ അടുക്കളയിൽ നിന്നും വിളിച്ചുകൂവി . അവർ തല്ലു തുടരുകയല്ലാതെ അമ്മയുടെ വാക്ക് അനുസരിച്ചിരുന്നില്ല .'അമ്മ ഓടി ചെന്ന് അവരോടു പറഞ്ഞു "സമയം രാത്രിയായില്ലേ നിങ്ങൾ എത്തി വരെ ഉറങ്ങിയില്ലേ "നിങ്ങളെ ഞാൻ ഉറങ്ങാനായി പറഞ്ഞയച്ചതല്ലേ ...? അപ്പോൾ മൂത്ത മകൾ അമ്മയോട് പറഞ്ഞു "അമ്മ ഉറങ്ങാൻ തന്നെയാണ് എന്നെ പറഞ്ഞയച്ചത്.ഇവളാണെന്നേ ഉറങ്ങാൻ സമ്മതിക്കാത്തത് .അമ്മു അനുജത്തിയായ അനുവിനെ ചൂണ്ടിക്കാണിച്ചുകൊണ്ട് പറഞ്ഞു .ഇതുകേട്ട് അനുവിന് സംഗസമായി ആണ് പൊട്ടിക്കരയാൻ തുടങ്ങി 'അമ്മ അമ്മുവിനെ ചീത്ത പറഞ്ഞു എന്നിട്ടു 'അമ്മ അനുവിനെ തോളിൽ കിടത്തി ഉറക്കി .ര്തഗ്രി അമ്മുവിന് വളരെ സങ്കടമായി അവൻ കരഞ്ഞാണ് ഉരാഗ്യത്തി പക്ഷെ അതൊന്നും അവളുടെ 'അമ്മ അറിഞ്ഞിരുന്നില്ല എല്ലാവരും ഉറങ്ങിയതിനുശേഷ ആരോ അണുവിന്റെയും അമ്മുവിന്റെയും മുറിയിയിൽ തട്ടി "ടേക് "ടെക്ക് "അവൾ ഓടിയെന്ന കതക തുറന്നു പക്ഷെ അവിടെ ആരും തന്നെ ഉണ്ടായിരുന്നുള്ള അമ്മു ഭയത്തോടെ ഓടി ചെന്ന് അനുവിനെ വിളിച്ചു പക്ഷെ അവിടെ ആണ് ഉണ്ടായിരുന്നില്ല .......

അവളാകെ പേടിച്ചു .അവൾ ആരോടും പറയാതെ അനുവിനെ തപ്പാൻ തുടങ്ങി .കാടുകളിലാണ് തോട്ടങ്ങളിലുണ് അവൾ തപ്പാൻ തുടങ്ങി പെട്ടന്ന് അവളുടെ കരചിൽ കേട്ടപ്പോള് അനുവിനെ ആരോ തട്ടിക്കൊണ്ടു പോകുന്ന ദൃശ്യമായിരുന്നു അവൾ കണ്ടത് അവൾ ഭയത്തോടെ കരയാൻ തുടങ്ങി ...പെട്ടന്ന് "ചേച്ചി "എന്ന് വിളിക്കുന്നതുപോലെ തോന്നി അവൾ കനിഞ്ഞു തുറന്നു നോക്കിയപ്പോൾ അതാ ആണ് അവളുടെ മുമ്പിൽ വന്നു നില്കുന്നു അവൾ ചാടി എഴുന്നേറ്റു ചോദിച്ചു നീ എവിടെയായിരുന്നു ആണ് .ആണ് പറഞ്ഞു "ഞാൻ ചേച്ചിയുടെ അടുത്തുതന്നെ ഉണ്ടായിരുന്നല്ലോ "അപ്പോഴാണ് അമ്മുവിന് മനസിലായത് അത് ഒരു സ്വപ്നമാണെന്ന് അവൻ ചെറുപുഞ്ചിരിയോടെ അനുവിനെ കെട്ടിപിടിച്ചു ആ സ്വപ്നമായിരുന്നു അമ്മുവിന് അണുവിനോടുള്ള സ്നേഹം കാണിച്ചു കൊടുത്ത് .അതിനു ശേഷ അവർ തല്ലു കൂടിയാതെ എലാ .



# അന്നത്തെ തകർച്ച

എന്ന് എന്റെ ജീവിതം മഴ മാറ്റി മറച്ചു .രണ്ടു ദിവസത്തെ അടഞ്ഞ മഴ അവളെ ഒന്ന് പുറത്തിറങ്ങാൻ പോലും സമ്മതിച്ചില്ല .അമ്മ അകത്തു ഇരുന്നു വിഷമിക്കുകയാണ് ഈ നശിച്ച മഴ ഒന്ന് നന്നായിരുന്നെങ്കിൽ കളിക്കാമായിരുന്നു .അമ്മക്ക് അമ്മുക്ക് നീ ഏതു എവിടെയാ ? അമ്മുവിനെ അവളുടെ 'അമ്മ വിളിച്ചു എന്താ അമ്മെ ഏതാ എന്നെ വിളിവത്തെ അമ്മു ഛേദിച്ചു അതെ നിന്റെ ഏട്ടൻ എന്ന് മലപ്പുറത്തുനിന്നും കോഴിക്കോടേക്ക് വരുന്നുണ്ട്.എന്നെ വിളിച്ചാടെയൊള്ളു 'അമ്മ പറഞ്ഞു ശെരിക്കും "അമ്മ തമാശ പറയുകയല്ല അല്ല പമോളെ കാര്യം പറഞ്ഞതാണ് “.അമ്മുവിന് സന്തോഷമായി എന്ന് ഏട്ടൻ വരുമല്ലോ എന്ന പ്രദീക്ഷയിൽ അവൾ അകത്തേക്ക് ഓടി പോയി അമ്മു ഓടി ചെന്ന് അച്ഛനോട് ചോദിച്ചു .അച്ഛാ എപ്പോഴാ ഏട്ടനെ കുട്ടൻ പോകുന്നത് ഞാനും വരട്ടെ .അമ്മു ചോദിച്ചു . വേണ്ട മോളെ നീ വരണ്ട നല്ല അടഞ്ഞ മഴയാണ് നീ വാർത്താസയിൽ കണ്ടില്ലേ . അമ്മുണിന് വിഷമമമായി അവൾ അകത്തേക്ക് പോയി .സാരമില്ല മോളെ മഴയായതുകൊണ്ടല്ലേ അച്ഛൻ മോളെ കൊണ്ടുപോകാത്തതു .അടുത്ത തവണ പോകാം .അച്ഛൻ എപ്പോഴാണ് പോകുന്നത്? അവൾ ചോദിച്ചു 12_ മണിക്കാണ് പോകുന്നത് 'അമ്മ പറഞ്ഞു ആ ....... അവൾ roomilekku പോയി അവൾ കുറച്ചുനേരം ഫോണിൽ നോക്കി ഇരിക്കുകയായിരുന്നു അമ്മെ ......അമ്മേ.....12മണിയായി അച്ഛൻ പോയോ ?ആ മോളെ അച്ഛൻ പോവാൻ നോക്കുകയാണ് .അങ്ങനെ അച്ഛൻ ചേട്ടനെ കൂറ്റൻ പോയി ......അമ്മു ചേട്ടനെ നോക്കി ഇരിക്കുകയാണ് .അരമണിക്കൂർ കഴിഞ്ഞു>അച്ഛൻ ഇന്ത്യ വരാത്തത് ആ മോളെ അച്ഛൻ എപ്പോൾ വരും ഒരു അഞ്ചു മിനിട്ടു കഴിഞ്ഞു മുറ്റത്തു ഒരു കാറിന്റെ ശബ്ദം .അമ്മെ ....അമ്മെ ... ദി അച്ഛൻ വന്നു അച്ഛൻ കാറിൽ നിന്നും ഇറങ്ങി ....അച്ഛാ ചേട്ടൻ എവിടെ മോളെ നില്ക്ക ...അയ്യോ അച്ഛൻ എന്താ നനഞ്ഞിരിക്കുന്നു ?മോളെ നീ അമ്മയെ വിളിച്ചിട്ടു വാ അമ്മെ ..എവിടെ വാ ചാൻ വിളിക്കുന്നു .ആ ദി വരുന്നു .അച്ഛൻ അമ്മുവിനോട് പറഞ്ഞു "മോളെ നീ പോയ് ടി വി . വെക്കു...ആ അച്ഛാ വെക്കാം ...അച്ഛാ ടി വി യിൽ നോക്ക് ചേട്ടൻ വന്ന വിമാനം മഴയത്തു തകർന്നു വീണു .....അവർ കരഞ്ഞു ... ആ ഞാൻ ഏതാണ് എയർ പോർട്ടിൽ പോയപ്പോൾ കണ്ടത് ...അവിടെ കുറെ മരിച്ചവർ കുറെ കുട്ടികൾ പരിക്ക് പറ്റിയവർ ..അവിടെ എങ്ങും അവനെ കണ്ടില്ല നിങ്ങൾ പേടിക്കണ്ട അവിടെ കുറെ ആംബുലൻസ് ഉണ്ടായിരുന്നു .. ഏതെങ്കിലും ഒരു ആശുപത്രിയിൽ ഉണ്ടാവുമോ അതോ അവൻ നമ്മളെ വിട്ടു പോയിട്ടുണ്ടാവുമോ അച്ഛൻ കരഞ്ഞുകൊണ്ട് പറഞ്ഞു . അമ്മുവും അമ്മയും ഒക്കെ കരച്ചിലായി .

പിന്നീട് കുറെ ദിവസങ്ങൾ കഴിഞ്ഞു അമ്മു എപ്പോൾ സന്തോഷത്തിലാണ് . എപ്പോൾ അവളുടെ കൂടെ അവളുടെ ഏട്ടനും ഉണ്ട് അന്ന് ഏട്ടനെ രാക്ഷ് ആശുപത്രിയിൽ കൊണ്ടുപോയിരുന്നു അങ്ങനെ ഏട്ടൻ രക്ഷപെട്ടു അവർ എപ്പോൾ സന്തോഷത്തിലാണ്



അപ്പോഴും മഴ പെയ്യുകൊണ്ടിരുന്നു ..........

# വീണ്ടുമൊരു സ്വപ്നം

കേശവനായർ ഇന്ന് വയസ്സ് തികയുകയാണ് എന്നത്തുംപോലെ കേശവൻ നായർ ആറു മണിക്ക് എഴുനേറ്റ തന്റെ കണ്ണടയെടുത്തു റേഡിയോ പതിയെ ഓണാക്കി റേഡിയോടെ ഉള്ളിൽ നിന്നും ആദ്യം ചില ശബ്ദങ്ങൾ വന്നു പിന്നെ പതിയെ റേഡിയോയിൽ നിന്നും മനോഹരമായ ഗീതങ്ങൾ വന്നു . കേശവൻ നായർ ഒരു സുലൈമാനിയിട്ടു തന്റെ ചാരുകസേരയിൽ ഇരുന്നു റേഡിയോടെ ശബ്ദം കൂട്ടി കൊണ്ട് ജനാലയിലൂഉടെ പുറത്തേക്കു നോക്കി കസേരയിൽ ചാരിയിരു ന്ന പുറത്തു നല്ല മഴയാണ് പാട്ടിന്റെ ഈണത്തോടൊപ്പം മഴയുടെ ശബ്ദ തലങ്ങൾ ചേർത്ത് ഒരു സംഗീതം അവിടെ കേശവൻ നായർ ചേർത്ത് .ചില ഓർമ്മകൾ കസേരയിൽ ഓടി വന്നു കേശവൻ നായർ കണ്ണുകൾ അടച്ചു തന്റെ ഭൂതകാലത്തെ കുറിച്ച് ഓർത്തു കൂട്ടുകാരുമൊത്തുമുള്ള ദിനങ്ങൾ അദ്ദേഹം ഓർത്തു. ചില ബന്ധങ്ങൾ ജീവിയ്ഹം തന്നെ മാറ്റിമറിച്ചു .ഒന്നും അല്ലാതെ ഏറുന്ന കേശവൻ നായർ വയനാട്ടിലേക്ക് ചുരം കേറിയപ്പോൾ ഓർത്തില്ല തന്റെ ജീവിധത്തിലേക്കു ചുവടുകളുവാക്കുകയാണെന്നു മാതാപിതാക്കൾ കുട്ടികാലത്തെ മരിച്ച കേശവൻ നായർ തികച്ചും നടനെന്ന ഒറ്റപെടലിലൂഉടെയാണ് ജീവിച്ചിരുന്നത് അപ്പോൾ കേശവൻ നായരുടെ ഏക ആശ്രയം തന്റെ വായനയും എഴുത്തും ആയിരുമു വായനാട്ടിലോട്ടുള്ള ലക്ഷ്യവും ഇതുമായി ബന്ടപെട്ടുകൊടുതന്നെയാണ്ഇരുന്നു വയനാട്ടിൽ എത്തിയ കേശവന്നരാർ ഒരു ലൈബ്രീരിയിൽ കേറി .അപ്പോഴും കേശവൻ നായർക്ക് സുഹൃത്തുക്കൾ ഉണ്ടായിരുന്നില്ല കേശവൻ നായർ തന്റെ ജോലി കഴിഞ്ഞു ലൈബ്രേറി പൂട്ടി ഇറങ്ങി നടന്നു സമയം ഇരുട്ടിയിരുന്നു വയനാടിന്റെ തണുപ്പിനേയും പ്രകൃതിക്കു സ്വാന്തര്യത്തെ കുറിച്ച ഒരു വരി തന്റെ മനസ്സിൽ വന്നു പെട്ടന്ന് തന്റെ നടത്തത്തിന്റെ വേഗത കൂട്ടി മുറിയിൽ എത്തിയ കേശവൻ നായർ വരികൾ കടലാസിലേക്ക് പകർത്തി .പെട്ടന്ന് തന്നെ ആശയങ്ങൾ ഏറെ ഉദിച്ചു . അതൊരു കഥയായി മാറി പിറ്റേ ദിവസം ഇത് ലൈബ്രേറിയിലേക്ക് കേശവൻ നായർ കൊണ്ടുപോയി .ലൈബ്രേറിയിലെ മേൽപ്പുറത് കഥ വച്ച് ലൈബ്രേറിയിൽ പുസ്തകം എടുത്ത ഒരാൾ മേശയുടെ അരികിൽ അറിയാതെ അയ്യാളുടെ കയ്യുൾ മിശപ്പുറത് വച്ച ചായ തട്ടി കേശവൻ നായരുടെ കഥയിൽ മറിഞ്ഞു ഇത് കണ്ട കേശവൻ നായർ കോപത്താൽ അയാലെ ശകാരിച്ചു .ഈ സംഭവത്തോടെ അയ്യാളുടെ മനസ് വേദനിച്ചു .അടുത്ത ദിവസം കേശവൻ നായരെ കണ്ടു ക്ഷമ അപ്പീക്ഷിച്ചു ഇത് ക്ലൻഡ് കേശവൻ നായരുടെ മനസ്സലിഞ്ഞു അവർ പരിചയ പെട്ട് .പെട്ടന്ന് കേശവൻ നായർ മയക്കത്തിൽ നിന്നും എഴുന്നേറ്റു തന്റെ അടുത്ത കഥ എഴുതാൻ തുടങ്ങി അപ്പോൾ കേശവൻ നായർ തന്റെ സംവിധാന ജീവിതം ഓർമവന്നു മഴ അപ്പോഴും പെയ്തുതുടങ്ങിയിരുന്ന........




# ഏകാന്തതീരം

ഇപ്പോഴത്തെ കാലത്തു സോഷ്യൽ മീഡിയ ഇല്ലാതെ ജീവിതം ഇല്ല എന്ന് വിശ്വസിക്കുന്നവരാണ് നമ്മൾ . ഇത് കൊണ്ട് പല ഗുണങ്ങളും ദോഷങ്ങളും ഉണ്ട് ഒന്നാമതായി അമിതമായി സോഷ്യൽ മീഡിയയിൽ ആക്ടീവാകുന്നത് മൂലം ലോക സംബന്ധമായ പല വിവരങ്ങളും നമുക്ക് അറിയാനാവും .

എന്നാൽ ഇതിലൂടെ ഗുണകരമായ കാര്യങ്ങളും ദോഷകരമായ കാര്യങ്ങളും നമുക്ക് ലഭിക്കുന്നത് . ഇതിലൂടെ നമ്മുടെ അറിവ് വളർത്താനും നമുക്ക് ലഭിക്കുന്ന അറിവിനെ തകർക്കാനും സോഷ്യൽ മീഡിയ കാരണമാവാറുണ്ട്. ഇക്കാലത്തു സോഷ്യൽ മീഡിയ ഇല്ലാതെ കൊച്ചു കുട്ടികൾക്ക് പോലും ജീവിക്കാൻ കഴിയാത്ത അവസ്ഥയാണ് . നമ്മുടെ നിത്യ ജീവിതത്തിൽ നാം പല പല ആവശ്യങ്ങൾക്കായി സോഷ്യൽ മീഡിയ ഉപയോഗിക്കാറുണ്ട് . വിവിധ തരാം ഭക്ഷണങ്ങൾ പാകം ചെയ്യാനും നമ്മുടെ പഴയ കാല ബന്ധങ്ങൾ പുതുക്കാനും നാം സോഷ്യൽ മീഡിയയെ ആശ്രയിക്കാറുണ്ട് .

നമ്മുടെ വീടിന്റെ അയല്പക്കത്തു നടന്ന കര്യങ്ങൾ വരെ നാം സോഷ്യൽ മീഡിയയിലൂടെയാണ് അറിയാറുള്ളത് . പിന്നെ നമ്മുടെ അറിവിനെ വളർത്തിയെടുക്കാൻ മറ്റുള്ളവർക്ക് അറിയാത്ത കാര്യങ്ങൾ അവർക്കു പകർന്നു കൊടുക്കാനും നാം സോഷ്യൽ മീഡിയയെ ആശ്രയിക്കുന്നു . പണ്ട് കാലത്തു സ്വന്തം വയലിൽ കൃഷി ചെയ്തു നെല്ല് പുഴുങ്ങി അരിയാക്കി കഴിച്ചിരുന്ന നമ്മൾ ഇപ്പോൾ സോഷ്യൽ മീഡിയയിൽ ട്രെൻഡിങ് ആവുന്ന ഭക്ഷണമാണ് കഴിക്കുന്നത്. ഇത് മൂലം പല ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാവാറുണ്ട് . സ്വന്തം ബെഞ്ചിലിരുന്നു കൂടെ പഠിച്ച കൂട്ടുകാരനെ നമ്മളെല്ലാവരും സോഷ്യൽ മീഡിയയിലൂടെ ആണ് കണ്ടുപിടിക്കാറുള്ളത് . നാട്ടിലിറങ്ങി അന്വേഷിച്ചു കണ്ടുപിടിക്കാൻ നമ്മളാരും മുതിരാറില്ല . ഇത് മൂലം നാം നല്ലൊരു തലമുറയെയാണ് നശിപ്പിക്കുന്നത് .

പണ്ട് കാലത്തെ കളികളും മുത്തശ്ശി അടുത്തുള്ളവരെയെല്ലാം വിളിച്ചിരുത്തി പറഞ്ഞു കൊടുക്കുന്ന കഥകളും എല്ലാം ഈ തലമുറ സോഷ്യൽ മീഡിയയിലൂടെയാണ് കാണുന്നത്. ഇക്കാലത്തു കൊച്ചു കുട്ടികൾ മുതൽ മുതിർന്നവർ വരെ സോഷ്യൽ മീഡിയക്കു അടിമപ്പെട്ടു വരുകയാണ്. പണ്ട് കാലത്തു സ്കൂളിൽ നിന്നും എഴുതാൻ തരുന്ന ഹോം വർക്കുകൾ ആ തല മുറ അടുത്തുള്ളവരോടും അമ്മയോടും അച്ഛനോടും അമ്മമ്മയോടും അച്ചാച്ചനോടും എല്ലാം ചോദിച്ചാണ് എഴുതാറുള്ളത് . എന്നാൽ ഈ തലമുറ എല്ലാ വിവരങ്ങളും സോഷ്യൽ മീഡിയയിലൂടെയാണ് അറിഞ്ഞു കൊണ്ടിരിക്കുന്നത് . ഇതിലൂടെ ഈ തലമുറയുടെ അറിവിനെ വളർത്തിയെടുക്കാനും നശിപ്പിക്കാനും സോഷ്യൽ മീഡിയ കാരണമാവാറുണ്ട് . ഇക്കാലത്തു സ്വാതന്ത്ര്യ ദിനം പോലും പലരും പലരുടെയും സ്റ്റാറ്റസുകളിലൂടെയും സ്റ്റോറികളിലൂടെയും എല്ലാമാണ് അറിയുന്നത്. ഇതിലൂടെ പല ഗുണങ്ങളും അതെ പോലെ ദോഷങ്ങളും ഉണ്ട് .



## ആൻ ഫ്രാങ്കിന്റെ കഥ

രണ്ടാം ലോകയുദ്ധത്തിന്റെ അവസാന കാലമാണ്. നാസി പട്ടാളം ജർമ്മനിയിലെ ജൂതന്മാരെ വേട്ടയാടുന്നു. തങ്ങൾ പിടിക്കപ്പെടുമോ എന്ന ഭയം കാരണം ജൂതന്മാർ കൂട്ടത്തോടെ പലായനം ചെയ്തുകൊണ്ടിരിക്കുകയാണ്.

ഈസമയത്താണ് ആൻ ഫ്രാങ്ക് ജനിക്കുന്നത് 1929 ജൂണ് 12ന്. നാസികളെ ഭയന്ന് ഫ്രാങ്ക് കുടുംബം ഹോളണ്ടിലേക്ക് കുടിയേറി. എന്നാൽ അധികം വൈകാതെ നാസി പട്ടാളം ഹോളണ്ട് കീഴടക്കി.

ഫ്രാങ്ക് കുടുംബം അറസ്റ്റു ചെയ്യപ്പെട്ടു. താമസിയാതെ അവർ കോൺസട്രേഷൻ ക്യാമ്പിലേക്ക് അയക്കപ്പെട്ടു. വളരെ ചെറുപ്പം മുതൽ ഡയറി എഴുതുന്നത് ശീലമാക്കിയിരുന്ന ആൻ ഫ്രാങ്ക് ഈ കാലമത്രയും തങ്ങൾ കടന്നു പോന്ന ജീവിതത്തെ മുഴുവൻ നോട്ടു പുസ്തകങ്ങളിൽ എഴുതി നിറച്ചിരുന്നു. യുദ്ധത്തെപ്പറ്റിയും സ്വന്തം ജീവിതത്തെപ്പറ്റിയും ഒരു കൗമാരക്കാരിയായിരുന്ന പെൺകുട്ടിക്ക് ഉണ്ടായിരുന്ന ഉൾക്കാഴ്ച ആരെയും അമ്പരപ്പിക്കുന്നതായിരുന്നു.

ചുറ്റുമുള്ളതെല്ലാം ആനിന് തന്റെ ഡയറിയിലേക്കുള്ള വിഷയങ്ങളായിരുന്നു. യൂറോപ്പിൽ യുദ്ധം വിതച്ച യാതനകൾക്ക് ഒരു പരിഹാരമെന്ന പോലെയായിരുന്നു ആനിന്റെ എഴുത്തുകളെ പിൽക്കാലത്ത് ലോകം സ്വീകരിച്ചത്. ഈ സന്തോഷങ്ങൾക്കൊന്നും കാത്തു നിൽക്കാതെ തടവറയിൽ ടൈഫസ് ബാധിച്ച് ആൻ ഫ്രാങ്ക് യാത്രപറഞ്ഞു പോയെങ്കിലും. ലോകം പിന്നീട് ഈ ചെറിയ പെൺകുട്ടിയുടെ വാക്കുകളെ ഏറ്റെടുത്തു.

ലോകത്തെ അനേകം ഭാഷകളിലേക്ക് ആൻ ഫ്രാങ്കിന്റെ ഡയറി ക്കുറിപ്പുകൾ വിവർത്തനം ചെയ്യപ്പെട്ടു. യുദ്ധത്തിന്റെ ഭീകരതയും കെടുതികളും അവളുടെ വാക്കുകൾക്ക് മുന്നിൽ അടിയറവു പറഞ്ഞു.

ഹിറ്റ്ലറെ തോൽപിച്ച പെണ്കുട്ടി എന്ന് ആൻ അറിയപ്പെട്ടു. ലോകത്തെ കോടിക്കണക്കിന് കുട്ടികളെ സ്വാധീനിക്കാൻ കഴിയുക വഴി യുദ്ധത്തിനും. വംശ വെറിക്കും എതിരെ ഒരു ചെറുത്തു നില്പും പ്രതീക്ഷയും നൽകി എന്നതാണ് ആൻ ഫ്രാങ്ക് തന്റെ ജീവിതത്തിലൂടെ കാണിച്ചു തന്നത്.




# AI

AI എല്ലായിടത്തും ഉണ്ട്, അത് നമ്മുടെ മനസ്സിലും ഉണ്ട്. പ്രത്യേകിച്ചും നമ്മളിൽ പലർക്കും AI എത്രത്തോളം പരിണമിക്കുമെന്നും അത് എപ്പോൾ ബുദ്ധിയുടെയോ വിഭവങ്ങളുടെയോ കാര്യത്തിൽ നമ്മെ മറികടക്കുമെന്നും അറിയില്ല. AI-ക്ക് ഇതിനകം തന്നെ വലിയ തോതിലുള്ള നിയന്ത്രണമുണ്ട്, മാത്രമല്ല ജീവിതത്തിൻ്റെ വിവിധ മേഖലകളിൽ മനുഷ്യരെ മാറ്റിസ്ഥാപിക്കാൻ തുടങ്ങിയിരിക്കുന്നു, എന്നിരുന്നാലും, ഇത് ഞങ്ങൾക്ക് ജോലികൾ എളുപ്പമാക്കുകയും നമ്മൾ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ ചെയ്യാൻ കൂടുതൽ സമയം ചെലവഴിക്കാൻ അനുവദിക്കുകയും ചെയ്യുന്നു. പുരോഗമിച്ച AI എത്രമാത്രം പ്രയോജനകരമാണെങ്കിലും,

AI നിയന്ത്രണം വിട്ടുപോകുമെന്നോ അതിനെക്കുറിച്ച് നമുക്ക് ഒന്നും ചെയ്യാൻ കഴിയാത്തവിധം ശക്തമാകുമെന്നോ ഉള്ള ഭയം എപ്പോഴും ഉണ്ട്. ഭാവിയിൽ നമ്മുടെ കൈകൾ പുറകിൽ കെട്ടി AI ഏറ്റെടുക്കുന്നത് നമ്മൾ കാണേണ്ട ഒരു ഘട്ടം ഉണ്ടായേക്കാം.

പക്ഷേ, മിക്കവാറും പോസിറ്റീവ് പ്രോബബിലിറ്റികൾക്കിടയിലെ ആയിരം സാധ്യതകളിൽ ഒന്ന് മാത്രമാണിത്. AI യുടെ സാധ്യതയുള്ള പ്രതികൂല പ്രത്യാഘാതങ്ങളെക്കുറിച്ചും AI എത്ര പ്രധാനമാണെന്നും പറയുന്ന ചില പ്രശസ്തമായ AI ഉദ്ധരണികൾ പരിശോധിക്കാം.




# എ.പി.ജെ. അബ്ദുൽ കലാം

ഇന്ത്യയുടെ പതിനൊന്നാമത് (2002-2007) അവുൽ പക്കീർ ജൈനുലബ്ദീൻ അബ്ദുൽ കലാം എന്ന എ.പി.ജെ. അബ്ദുൽ കലാം ( – ). പ്രശസ്തനായ സാങ്കേതികവിദ്യാവിദഗ്ധനും എഞ്ചിനീയറുമായിരുന്നു ഇദ്ദേഹം. ജനിച്ച ഇദ്ദേഹം ബഹിരാകാശ എൻജിനീയറിംഗ് പഠനത്തിന് ശേഷം (DRDO), (ISRO) തുടങ്ങിയ ഗവേഷണസ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നു.. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റേയും, വികസനത്തിനും ഏകോപനത്തിനും മറ്റും അബ്ദുൾകലാം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. സാങ്കേതികവിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് 'ഇന്ത്യയുടെ മിസ്സൈൽ മനുഷ്യൻ' എന്ന് കലാമിനെ വിശേഷിപ്പിക്കാറുണ്ട്. പിന്നിൽ സാങ്കേതികമായും, ഭരണപരമായും കലാം സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. /2002-ൽ അന്നത്തെ ഭരണകക്ഷിയായിരുന്ന -യുടെയും പ്രധാന പ്രതിപക്ഷകക്ഷിയായിരുന്ന -യുടെയും പിന്തുണയോടെ ഇദ്ദേഹം രാഷ്ട്രപതിസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

തന്റെ ജനകീയനയങ്ങളാൽ,

"ജനങ്ങളുടെ രാഷ്ട്രപതി" എന്ന പേരിൽ പ്രശസ്തനായ അദ്ദേഹം -നു സ്ഥാനമൊഴിഞ്ഞ ശേഷം തന്റെ ഇഷ്ടമേഖലകളായ അദ്ധ്യാപനം, എഴുത്ത്, പ്രഭാഷണം, പൊതുജനസേവനം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. Duration: 57 seconds.0:57 [, എന്നിവിടങ്ങളിൽ അദ്ധ്യാപകനും, വൈസ് ചാൻസലറുമായിരുന്നു. 2020 ൽ ഇന്ത്യയെ ഒരു വികസിതരാഷ്ട്രമാക്കി മാറ്റാനുള്ള മാർഗ്ഗങ്ങളും ദർശനങ്ങളും ഇന്ത്യ 2020 എന്ന തന്റെ പുസ്തകത്തിൽ അദ്ദേഹം അവതരിപ്പിച്ചിരുന്നു. അദ്ദേഹം ഒരു സാങ്കേതികവിദ്യാവിദഗ്ധൻ മാത്രമായിരുന്നില്ല രാഷ്ട്രത്തിന്റെ ഭാവിയെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടുള്ള കൂടിയായിരുന്നു. വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് അവിടത്തെ വിദ്യാർത്ഥികളുമായി സംവദിക്കുക എന്നത് കലാമിന് ഇഷ്ടമുള്ള കാര്യമായിരുന്നു.

അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വിദ്യാർത്ഥികൾക്ക് വളരെയധികം പ്രചോദനം നൽകുന്നവയാണ്. ap j@abdulkalam.com എന്ന തന്റെ എല്ലായ്പ്പോഴും സജീവമായിരുന്നുകൊണ്ട് അദ്ദേഹം ആളുകളുമായി, വിശിഷ്യാ വിദ്യാർത്ഥികളുമായി, നിരന്തരം സംവദിച്ചുകൊണ്ടിരുന്നു. സൃഷ്ടിക്കുവാനായി യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ഒരു ദൗത്യവും അദ്ദേഹം ഏറ്റെടുത്തു നടത്തുന്നുണ്ടായിരുന്നു. 2015 27 ന് 84-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. പ്രസംഗിക്കുന്നതിനിടെ ഉണ്ടായ കുഴഞ്ഞുവീഴുകയായിരുന്നു. ഉടനെ അടുത്തുള്ള ബഥനി ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.









ഡീഗോ അർമാൻഡോ മറഡോണ (ജനനം. , , മരണം, 25 നവംബർ, 2020) ആധുനിക ഫുട്ബോളിലെ ഏറ്റവും ശ്രദ്ധേയരായ കളിക്കാരിലൊരാളായിരുന്നു. അർജന്റീനയെ നയിച്ചതിൽ ശ്രദ്ധേയമായ പങ്കുവഹിച്ചു. എന്ന ബഹുമതി മറഡോണ പങ്കുവക്കുന്നു.

തന്റെ പ്രൊഫഷണൽ ക്ലബ് ഫുട്ബോൾ ജീവിതത്തിൽ, , , , , , എന്നീ പ്രമുഖ ക്ലബുകൾക്ക് വേണ്ടി കളിച്ചിട്ടുള്ള കൈമാറ്റത്തുകയിൽ ചരിത്രം സൃഷ്ടിച്ചിട്ടിട്ടുണ്ട്. അന്താരാഷ്ട്രഫുട്ബോളിൽ അർജന്റീനക്ക് വേണ്ടി 91 കളികൾ കളിച്ച മറഡോണ 34 ഗോളുകൾ നേടിയിട്ടുണ്ട്.

1982 മുതൽ 1994 വരെയുള്ള നാല് ലോകകപ്പുകളിൽ അർജന്റീനക്കു വേണ്ടി മറഡോണ കളിച്ചിട്ടുണ്ട്. 1986-ലെ ലോകകപ്പിൽ മറഡോണയുടെ നായകത്വത്തിൽ കളിച്ച അർജന്റീന ടീം ഫൈനലിൽ പശ്ചിമജർമ്മനിയെ പരാജയപ്പെടുത്തി ലോകകപ്പ് നേടുകയും, മികച്ച കളിക്കാരനുള്ള ഗോൾഡൻ ബോൾ മറഡോണ സ്വന്തമാക്കുകയും ചെയ്തു. ഈ ടൂർണമെന്റിലെ ക്വാർട്ടർ ഫൈനലിൽ ഇംഗ്ലണ്ടിനെതിരെയുള്ള കളിയിൽ മറഡോണ നേടിയ രണ്ടു ഗോളുകൾ ചരിത്രത്തിലിടംപിടിച്ചു. റഫറിയുടെ ശ്രദ്ധയിൽപ്പെടാതെ കൈ കൊണ്ട് തട്ടിയിട്ട് നേടിയ ആദ്യത്തെ ഗോൾ എന്ന പേരിലും, ആറ് ഇംഗ്ലണ്ട് കളിക്കാരെ വെട്ടിച്ച് 60 മീറ്റർ ഓടി നേടിയ രണ്ടാം ഗോൾ ആയും വിശേഷിപ്പിക്കപ്പെടുന്നു. കളിയിൽ ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് അർജന്റീന ഇംഗ്ലണ്ടിന്റെ തോൽപ്പിച്ചു.

ലോകമെമ്പാടുമുള്ള ആരാധകവൃന്ദങ്ങൾക്കൊണ്ടും ശ്രദ്ധേയനാണ് മറഡോണ. കാൽപന്തുകളിയിലെ ദൈവം എന്നുപോലും ചിലയവസരങ്ങളിൽ ഇദ്ദേഹം വിശേഷിപ്പിക്കപ്പെട്ടു. ലോകകപ്പുകളിലും, ക്ലബ് ഫുട്ബോളിലും രാജ്യാന്തര ഫുട്ബോളിലും നടത്തിയ മികവാർന്ന പ്രകടനങ്ങളെക്കാൾ സംഭവബഹുലമായിരുന്നു മറഡോണയുടെ പൊതുജീവിതം. മയക്കുമരുന്നുപയോഗം, വിവാഹേതരബന്ധങ്ങൾ എന്നിങ്ങനെ ഒട്ടേറെ സംഭവങ്ങളിലൂടെ അദ്ദേഹം കുപ്രസിദ്ധി നേടി.

## ലോകകപ്പുകളിൽ

ദേശീയ ടീമിൽ അംഗമായിരുന്നിട്ടും പരിചയക്കുറവെന്ന കാരണത്താൽ മറഡോണയ്ക്ക് 1978 ലോകകപ്പ് സംഘത്തിൽ ഇടം കിട്ടിയില്ല. 1982-ൽ ലോകകപ്പിൽ അരങ്ങേറ്റം. ഈ ലോകകപ്പിന്റെ രണ്ടാം ഘട്ടത്തിൽ ഇറ്റലിയോടും ബ്രസീലിനോടും തോറ്റ് അർജന്റീന പുറത്തായി. ബ്രസീലിന്റെ കളിക്കാരൻ ജോവോ ബാറ്റിസ്റ്റാ ഡസിൽവയെ ചവിട്ടിവീഴ്ത്തിയതിന് മറഡോണ കണ്ട് പുറത്താകുകയും ചെയ്തു. അർജന്റീനയുടെയും മറഡോണയുടേയും ഏറ്റവും മോശപ്പെട്ട ലോകകപ്പ് പ്രകടനങ്ങളിലൊന്നായിരുന്നു ഇത്. 1986-ൽ മെക്സിക്കോയിൽ നടന്ന ലോകകപ്പിൽ അർജന്റീനയുടെ നായകനായാണ് മറഡോണ എത്തിയത്. ഫൈനലിൽ പശ്ചിമജർമ്മനിയെ തോൽപ്പിച്ച് ഈ ലോകകപ്പ് അർജന്റീന നേടുകയും ലോകകപ്പിലെ മികച്ച കളിക്കാരനുള്ള സ്വർണ്ണപന്ത് മറഡോണ നേടുകയും ചെയ്തു. ഈ ലോകകപ്പിൽ ഇംഗ്ലണ്ടിനെതിരെ നടന്ന ക്വാർട്ടർ ഫൈനൽ മൽസരത്തിൽ മറഡോണ നേടിയ രണ്ടു ഗോളുകളും ചരിത്രമായി. മറഡോണയുടെ ഏറ്റവും മികച്ച ലോകകപ്പ് പ്രകടനം ഇതാണ്. 1990-ലെ ഇറ്റലി ലോകകപ്പിൽ മറഡോണയുടെ നേതൃത്വത്തിൽത്തന്നെയായിരുന്നു അർജന്റീന കളിക്കിറങ്ങിയത്. ചാമ്പ്യന്മാരായ അർജന്റീനയെ ആദ്യ മത്സരത്തിൽ കാമറൂൺ അട്ടിമറിച്ചു. കഷ്ടിച്ച് രണ്ടാം ഘട്ടത്തിൽ കടന്ന അർജന്റീന ഫൈനൽ വരെയെത്തിയെങ്കിലും ഫൈനലിൽ പശ്ചിമജർമ്മനിയോട് തോറ്റ് രണ്ടാം സ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. 1994-ലെ അമേരിക്ക ലോകകപ്പിൽ രണ്ടു കളികളിൽ മാത്രമേ മറഡോണ കളിച്ചുള്ളൂ. ഗ്രീസുമായുള്ള ഒരു കളിയിൽ ഗോളടിക്കുകയും ചെയ്തു. ഈ ലോകകപ്പിനിടക്ക് നടത്തിയ ഒരു ഉത്തേജകമരുന്നുപരിശോധനയിൽ പിടിക്കപ്പെട്ട് തുടർന്നുള്ള മൽസരങ്ങളിൽ നിന്നും വിലക്കപ്പെട്ടു.

# പ്രകൃതിയും ശാസ്ത്രവും

പ്രകൃതി ഇല്ലായിരുന്നെങ്കിൽ നമ്മൾ ജീവിച്ചിരിക്കില്ലായിരുന്നു. മനുഷ്യൻ പ്രകൃതിയെ ആശ്രയിച്ചിരിക്കുന്നു. ചെടികളിൽ നിന്നും മരങ്ങളിൽ നിന്നും നമുക്ക് ശ്വസിക്കാൻ ഓക്സിജൻ ലഭിക്കുന്നു. അങ്ങനെ, നമ്മുടെ ശ്വസനവ്യവസ്ഥ പ്രകൃതിയാൽ നിയന്ത്രിക്കപ്പെടുന്നു. ഇത് മാത്രമല്ല, വിവിധ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന രോഗികളെ വേഗത്തിൽ സുഖപ്പെടുത്താൻ സഹായിക്കുന്ന ചില മാന്ത്രിക രോഗശാന്തി ശക്തികൾ പ്രകൃതിക്ക് ഉണ്ട്. പ്രകൃതിയുടെ മടിത്തട്ടിൽ ചെലവഴിക്കുന്ന ഓരോ മിനിറ്റും ഉന്മേഷദായകവും നവോന്മേഷദായകവുമായ അനുഭൂതി നൽകുന്നു. ഇത് സ്ട്രെസ് ഹോർമോൺ എന്നറിയപ്പെടുന്ന കോർട്ടിസോൾ കുറയ്ക്കുന്നു. വർക്ക് വിൻഡോയ്ക്ക് ചുറ്റും നല്ല ചെടികൾ വയ്ക്കുന്നത് പോലും സമ്മർദ്ദം കുറയ്ക്കാൻ ഇടയാക്കും. പ്രകൃതി നമ്മുടെ മസ്തിഷ്കത്തിന്റെ പ്രവർത്തനം വർദ്ധിപ്പിക്കുകയും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. ഇത് നമ്മുടെ തലച്ചോറിനെ കൂടുതൽ ക്രിയാത്മകവും ഭാവനാത്മകവുമാക്കുന്നു. പ്രകൃതിയിൽ സമയം ചെലവഴിക്കുന്നത് ആരോഗ്യകരവും ദീർഘായുസ്സും നൽകും. പ്രകൃതി വളരെ ശക്തവും അതുല്യവുമാണ്. പ്രകൃതിയെ വിദ്യാഭ്യാസത്തിന്റെ ഉറവിടമായും കണക്കാക്കുന്നു. മരങ്ങളിൽ നിന്ന് എളിമയും, പർവതങ്ങളിൽ നിന്ന് ദൃഢതയും, ജീവിതത്തിന്റെ പ്രയാസകരമായ ഘട്ടങ്ങളിൽ പുഞ്ചിരിക്കാതിരിക്കാൻ പൂക്കളിൽ നിന്നും മുകുളങ്ങളിൽ നിന്നും പുഞ്ചിരിക്കാനും നമുക്ക് പഠിക്കാം.

നമ്മുടെ ആവാസവ്യവസ്ഥയുടെ സ്വാഭാവിക ചക്രം വളരെ അത്യാവശ്യമാണ്. ആവാസവ്യവസ്ഥയിൽ ബയോട്ടിക് അല്ലെങ്കിൽ ജീവനുള്ള ഭാഗങ്ങൾ, അതുപോലെ അജിയോട്ടിക് ഘടകങ്ങൾ അല്ലെങ്കിൽ ജീവനില്ലാത്ത ഭാഗങ്ങൾ എന്നിവ അടങ്ങിയിരിക്കുന്നു. ജൈവ ഘടകങ്ങളിൽ സസ്യങ്ങൾ, മൃഗങ്ങൾ, മറ്റ് ജീവികൾ എന്നിവ ഉൾപ്പെടുന്നു. അജിയോട്ടിക് ഘടകങ്ങളിൽ പാറകൾ, താപനില, ഈർപ്പം എന്നിവ ഉൾപ്പെടുന്നു. ഒരു ആവാസവ്യവസ്ഥയിലെ എല്ലാ ഘടകങ്ങളും നേരിട്ടോ അല്ലാതെയോ മറ്റെല്ലാ ഘടകങ്ങളെയും ആശ്രയിച്ചിരിക്കുന്നു. നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിനാൽ ആവാസവ്യവസ്ഥയുടെ എല്ലാ ഘടകങ്ങളും നാം ശ്രദ്ധിക്കണം.



## ഇസ്രോയും ബഹിരാകാശ ദൗത്യങ്ങളും

1969 ആഗസ്റ്റ് 15നാണ് ഇസ്രോ (ISRO) എന്നപേരിലറിയപ്പെടുന്ന ഇന്ത്യയുടെ ദേശീയ ബഹിരാകാശ ഗവേഷണ സ്ഥാപനം നിലവിൽ വന്നത്. ബാംഗ്ലൂർ കേന്ദ്രീകരിച്ചാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ഇന്ത്യയിൽ വിക്രം സാരാഭായിയെന്ന അതുല്യ പ്രതിഭയാണ് ഈ ബഹിരാകാശ ഗവേഷണ പ്രസ്ഥാനത്തിന് അടിത്തറയിട്ടത്. അറുപതുകളിലാണ് വിക്രം സാരാഭായി ഗവേഷണരംഗത്തേക്ക് പ്രവേശിക്കുന്നത്. അതിനുശേഷം 1961-നാണ് ഇന്ത്യയിൽ ബഹിരാകാശ ഗവേഷണം ഔപചാരികമായി തുടക്കം കുറിച്ചത്. അന്നത്തെ സർക്കാർ ബഹിരാകാശ ഗവേഷണങ്ങളെക്കുറിച്ച് പഠിക്കാനായി ആണവോർജ വകുപ്പിനെ ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ ഫലമായാണ് 1963-ൽ തുമ്പയിൽ ഇൻകോസ്പാർ(INCOSPAR) രൂപം കൊണ്ടത്. പിന്നീട് തിരുവനന്തപുരം വിക്രം സാരാഭായിയുടെ കർമ്മ മണ്ഡലമായി തീരുകയായിരുന്നു. അതിനുശേഷം സാരാഭായി ഇസ്രോയ്ക്ക്(ISRO) തുടക്കമിട്ടു.ഇന്ത്യയുടെ റോക്കറ്റ് വിക്ഷേപണ രംഗത്തുള്ള അനുഭവസമ്പത്ത് പ്രാചീനകാലത്തു ചൈനയിൽ നിന്നും വന്ന വെടിക്കോപ്പുകളുടെ നിർമ്മാണകാലത്തുതന്നെ തുടങ്ങിയതാണ്. വളരെ പണ്ടുമുതൽക്കേ സിൽക്ക് റോഡു വഴി ഇന്ത്യയും ചൈനയും തമ്മിൽ ആശയങ്ങൾ പരസ്പരം കൈമാറിയിരുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ തന്നെ ഇന്ത്യൻ ഭരണാധികാരികൾ റോക്കറ്റ് ഒരു സൈനിക ഉപകരണമാക്കുന്നതിൽ പ്രാഗല്ഭ്യം നേടിയെടുത്തിരുന്നു. ഇതു പിന്നീടു യൂറോപ്പിലും പ്രചാരം നേടി. ചൈനക്കാർ കണ്ടുപിടിച്ച വെടിക്കോപ്പുകളുടെ പ്രചാരം തന്നെയാണ് ആധുനിക റോക്കറ്റ് സാങ്കേതികവിദ്യക്കു വഴിമരുന്നിട്ടത്. 1947 ൽ ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിച്ചതിനു ശേഷം ഇന്ത്യൻ ശാസ്ത്രജ്ഞൻമാരും ഭരണാധികാരികളും,പ്രതിരോധ മേഖലയിലും, ഗവേഷണങ്ങൾക്കുമെല്ലാം റോക്കറ്റ് സാങ്കേതിക വിദ്യയുടെ ആവശ്യകത മനസ്സിലാക്കി. ഇന്ത്യയെപ്പോലെ ഒരു വലിയ രാജ്യത്തിനു അതിന്റേതായ സ്വന്തം ബഹിരാകാശ സാങ്കേതികവിദ്യാപാടവം വേണ്ടിവരും എന്ന തിരിച്ചറിവും; കാലാവസ്ഥാ പ്രവചനത്തിനും, ആശയവിനിമയരംഗത്തും കൃത്രിമോപഗ്രഹങ്ങളെ ഉപയോഗപ്പെടുത്താൻ കഴിയും എന്ന ദീർഘ വീക്ഷണവുമാണ് സ്വന്തമായ ഒരു ബഹിരാകാശ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിന് ഇന്ത്യൻ ഭരണാധികാരികളെ മുന്നോട്ടു നയിച്ചത്.

ഇന്ത്യയുടെ ബഹിരാകാശ ഗവേഷണപദ്ധതിയുടെ പിതാവായി കണക്കാക്കുന്നത് ഡോക്ടർ വിക്രം സാരാഭായിയേയാണ്. സോവിയറ്റ് യൂണിയൻ 1957ൽ സ്പുട്നിക് വിക്ഷേപണം നടത്തിയ നാൾ മുതൽ ഒരു കൃത്രിമോപഗ്രഹങ്ങളുടെ ഗുണഗണങ്ങളെക്കുറിച്ച് അദ്ദേഹം ബോധവാനായിരുന്നു. ഭാരതത്തിന്റെ പുരോഗതിയ്ക്ക് ശാസ്ത്ര സാങ്കേതിക വിദ്യകളുടെ വികാസം അത്യന്താപേക്ഷിതമാണ്,എന്ന കാഴ്ചപ്പാടുണ്ടായിരുന്ന പ്രധാനമന്ത്രി ജവഹർലാൽ നെഹ്രു 1961 ൽ ബഹിരാകാശ ഗവേഷണത്തെ ആണവോർജ്ജ വിഭാഗത്തിന്റെ നിയന്ത്രണത്തിലാക്കി. ഇന്ത്യൻ ആണവ സാങ്കേതിക വിദ്യയുടെ പിതാവും, ഇന്ത്യൻ ആണവോർജ്ജ വിഭാഗത്തിന്റെ അന്നത്തെ തലവനുമായിരുന്ന, ഹോമി ഭാഭ 1962 ൽ ഇന്ത്യൻ നാഷണൽ കമ്മറ്റി ഫോർ സ്പേസ് റിസർച്ച് (Indian National Committee for Space Research (INCOSPAR)) എന്ന സമിതി സ്ഥാപിക്കുകയും സാരാഭായിയെ അതിന്റെ ഡയറക്ടറായി ചുമതലപ്പെടുത്തുകയും ചെയ്തു.

മറ്റു പല രാഷ്ട്രങ്ങളുടേയും ബഹിരാകാശ ഗവേഷണ സ്ഥാപനങ്ങളും അവർ നേരത്തെ തന്നെ സ്വായത്തമാക്കിയിരുന്ന സൈനിക ആവശ്യങ്ങൾക്കുള്ള ബാലിസ്റ്റിക് മിസൈൽ സാങ്കേതികവിദ്യയുടെ ചുവടു പിടിച്ചാണ് വളർന്നു വന്നിരുന്നത്. പക്ഷേ ഇന്ത്യയുടെ ഈ ബഹിരാകാശ പദ്ധതി കൃത്രിമോപഗ്രഹങ്ങളെ വിക്ഷേപിക്കുക എന്ന പ്രാവർത്തിക ലക്ഷ്യം മാത്രം മുന്നിൽകണ്ട് രൂപവത്കരിച്ചതായിരുന്നു. 1962 ൽ സ്ഥാപിക്കപ്പെട്ടതു മുതൽ ഈ സംഘം മികച്ച പ്രകടനം കാഴ്ചവെച്ചു തുടങ്ങിയിരുന്നു. പരീക്ഷണങ്ങൾക്കായുള്ള സൗണ്ടിംഗ് റോക്കറ്റുകളുടെ വിക്ഷേപണവും മറ്റും ഈ സമിതി വിജയകരമായി നടത്തിയിരുന്നു. ഭൂമദ്ധ്യരേഖയുമായി ഇന്ത്യക്കുള്ള ഭൌമശാസ്ത്രപരമായ അടുപ്പവും ഇവർക്കൊരനുഗ്രഹമായിരുന്നു.സൗണ്ടിംഗ് റോക്കറ്റുകളുടെ വിക്ഷേപണം കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരത്തിനടുത്ത് തുമ്പയിൽ പുതുതായി സ്ഥാപിച്ച തുമ്പ ഇക്വറ്റോറിയൽ റോക്കറ്റ് ലോഞ്ചിംഗ് സ്റ്റേഷനിൽ Thumba Equatorial Rocket Launching Station (TERLS)) നിന്നുമായിരുന്നു നടന്നിരുന്നത്.തുമ്പയിൽ നിന്ന് 1963 നവംബർ 21നാണ് ആദ്യത്തെ സൗണ്ടിങ്ങ് റോക്കറ്റ് വിക്ഷേപിച്ചത്.തുടക്കത്തിൽ ഇവിടെനിന്നും വിക്ഷേപിച്ചിരുന്നത് അമേരിക്കൻ നിർമ്മിത നൈക്ക് അപ്പാച്ചെ(Nike-Apache) റോക്കറ്റുകളും ഫ്രെഞ്ച് നിർമ്മിത സെന്റോർ (Centaure) റോക്കറ്റുകളുമായിരുന്നു. ഈ റോക്കറ്റുകൾ പ്രധാനമായും ഉപയോഗിച്ചിരുന്നത് അന്തരീക്ഷ പഠനങ്ങളും മറ്റും നടത്താനായിരുന്നു. അതിനു ശേഷം ബ്രിട്ടീഷ്,റഷ്യൻ റോക്കറ്റുകൾ ഉപയോഗിച്ചും പരീക്ഷണങ്ങൾ നടന്നിരുന്നു. എങ്ങനെയായാലും ഒന്നാം ദിവസം മുതൽക്കുതന്നെ ഇന്ത്യൻ ബഹിരാകാശ പദ്ധതിക്ക് തദ്ദേശീയമായ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുക എന്ന മഹത്തായ ലക്ഷ്യം ഉണ്ടായിരുന്നു. അധികം താമസമില്ലാതെ തന്നെ ഈ ലക്ഷ്യത്തിലെത്തിച്ചേരാൻ അവർക്കു സാധിച്ചു; ഖര ഇന്ധനമുപയോഗിച്ച് പ്രവർത്തിക്കുന്ന രോഹിണി കുടുംബത്തിൽ പെട്ട സൗണ്ടിംഗ് റോക്കറ്റുകൾ ഇന്ത്യ സ്വന്തമായി വികസിപ്പിച്ചെടുക്കുക തന്നെ ചെയ്തു.

# ബെന്യാമിന്റെ ആടുജീവിതം

( ആസ്വാദനക്കുറിപ്പ് )

ആധുനിക മലയാളസാഹിത്യത്തിലെ നോവൽ വായനയിൽ സമാനതകളില്ലാത്ത വസന്തം സൃഷ്ടിച്ചു മുന്നേറുന്ന കൃതിയാണ് ആടുജീവിതം. ജീവിതത്തിൽ നിന്ന് ചീന്തിയെടുത്ത ഒരേടല്ല; ചോരവാർക്കുന്ന ജീവിതം തന്നെയാണ്. ബെന്യാമിന്റെ ആടുജീവിതം എന്ന നോവലിനെക്കുറിച്ചുള്ള അഭിപ്രായമാണിത്. അതിലുപരി അതൊരു വാസ്തവമാണ്. സഹൃദയരായ വാനയക്കാർ മാത്രമല്ല, ജീവിതത്തിന്റെ സമസ്തതലങ്ങളിലുമുള്ള മുഴുവൻ ആളുകളും വായിച്ചിരിക്കേണ്ട പുസ്തകം എന്ന് ഈ കൃതിയെ ഒട്ടും അതിശയോക്തിയില്ലാതെ വിശേഷിപ്പിക്കാം. തന്റെ തൃപ്തിക്കായോ, വായനക്കാരന്റെ ആസ്വാദനത്തിനായോ ബെന്യാമിൻ തുന്നിച്ചേർക്കലുകളൊന്നും നടത്തിയിട്ടില്ല. നോവലിൽ ബെന്യാമിൻ നജീബിന്റെ കഥ പറയുകയല്ല, മറിച്ച് ആ മനുഷ്യന്റെ ആത്മാവിൽ അലിഞ്ഞുചേർന്ന് അയാൾ നജീബാവുകയാണ്. നോവും നൊമ്പരവും കഷ്ടതയും നിസ്സഹായവസ്ഥയും അതിന്റെ തീവ്രത ഒട്ടും നഷ്ടപ്പെടാതെ ആവിഷ്കരിച്ച കഥാകൃത്തിന്റെ നൈപുണ്യം പ്രശംസനീയം തന്നെ.

ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ ആറാട്ടുപുഴ പഞ്ചായത്തിൽ 1962 മെയ് 15-ന് ജനിച്ച നജീബ് എന്ന വ്യക്തിയുടെ യഥാർത്ഥ ജീവിതത്തെ ആസ്പദമാക്കിയാണ് ബെന്യാമിൻ ആടുജീവിതം എന്ന നോവൽ രചിച്ചിരിക്കുന്നത്.

കേരളത്തിൽ ഒരു മണൽവാരൽ തൊഴിലാളിയായി ജോലി ചെയ്തിരുന്ന വ്യക്തിയാണ് നജീബ്. ഒരു സുഹൃത്തിന്റെ സഹായത്തോടെ അയാൾക്ക് സൗദി അറേബ്യയിലേക്കുള്ള വിസ ലഭിച്ചു. അതോടെ നജീബിന്റെ ഉള്ളിൽ ഒരു പ്രത്യാശയുടെ നാമ്പുമുളയ്ക്കുന്നത് വായനക്കാരനായ എനിക്ക് വ്യക്തമാക്കാൻ സാധിച്ചു. നജീബിന്റെ കൂടെ ഹക്കീം എന്ന കൂട്ടുകാരനും വിസ ലഭിച്ചിട്ടുണ്ടായിരുന്നു. റിയാദിൽ വിമാനം ഇറങ്ങിയ ഇരുവരും ഒരു തെറ്റിദ്ധാരണയുടെ പുറത്ത് സ്പോൺസറാണ് എന്ന് കരുതി ഒരു അറബിയെ കണ്ടുമുട്ടുന്നു. ആ കൂടിക്കാഴ്ചയാണ് നജീബിന്റെ ജീവിതത്തിന്റെ നിലപാടിന് കാരണമായത്. ഇവർ ഇരുവരും അറബാബിന്റെ കൂടെചെന്ന് എത്തിയത് മസ്റ എന്ന രണ്ടു തോട്ടങ്ങളിലായിരുന്നു. വൃത്തിഹീനമായ സാഹചര്യത്തിൽ ആടുകളേയും ഒട്ടകങ്ങളേയും പരിപാലിച്ചുകൊണ്ടുള്ള വിശ്രമമില്ലാത്ത ജീവിതമായിരുന്നു മസറയിൽ നജീബിനെ കാത്തിരുന്നത്.

മസറയിൽ ചെന്നെത്തിയ നജീബ് കണ്ടത് അവിടുത്തെ വേലക്കാരനായ ഒരു 'ഭീകരരൂപി'യെ ആയിരുന്നു. എന്നാൽ നജീബ് വന്നതിന് കുറച്ചുനാൾ കഴിഞ്ഞപ്പോഴേക്കും അയാൾ മരണപ്പെട്ടു. എന്നാൽ തോട്ടങ്ങളിൽ എത്തിയതിന് ശേഷം നജീബും ഹക്കീമും കണ്ടുമുട്ടിയിട്ടില്ല. ഹക്കീമിനെക്കുറിച്ച് നജീബ് വളരെ വ്യാകുലനായിരുന്നു. പിന്നീട് നജീബിന് ഒരു അടിമപ്പണി തന്നെയായിരുന്നു. എന്നാൽ ആ ഭീകരരൂപിയുടെ മരണത്തിന് ശേഷം നജീബിന് ആ മസറയിലെ എല്ലാ ജോലികളും ചെയ്യേണ്ടിവന്നിരുന്നു.

പച്ചപ്പാലും, കുബ്ബൂസ് എന്ന അറബിറൊട്ടിയും, ചുരുങ്ങിയ അളവിൽ വെള്ളവും മാത്രമായിരുന്നു ആകെ കിട്ടിയിരുന്ന ഭക്ഷണം. താമസിക്കാൻ മുറിയോ, കിടക്കയോ, വസ്ത്രമോ, കുളിക്കുന്നതിനോ, മറ്റേതെങ്കിലും തരത്തിലുള്ള ശുചിത്വപരിപാലനത്തിനോ ഉള്ള സാഹചര്യമോ ഉണ്ടായിരുന്നില്ല. അറബാബ് സ്ഥിരമായി നജീബിനെ മർദ്ദിച്ചിരുന്നു. കഥയിലെ ചില വരികൾ മർദ്ദനത്തിന്റെ തീവ്രത വർധിപ്പിക്കുന്നു. പിന്നീട് നജീബ് ആ ജീവിതവുമായി ഇണങ്ങിച്ചേരുന്നു. ആടുകൾക്ക് നാട്ടിലെ കഥാപാത്രങ്ങളുടേയും സ്വന്തക്കാരുടേയും പേരുകൾ നൽകി അവരുമായി സംവദിച്ചാണ് തന്റെ ഏകാന്തതയ്ക്ക് നജീബ് ആശ്വാസം കണ്ടെത്തിയത്. ഒരുദിവസം നജീബ് ഹക്കീമിനെ കാണാൻ ചെന്നപ്പോൾ ഹക്കീമിന്റെ കൂടെ ഒരു സൊമാലിയക്കാരനെ ഏർപ്പെടുത്തിയതറിഞ്ഞു. അവർ മൂന്നുപേരും കൂടി ആ മസറയിൽ നിന്ന് ഒളിച്ചോടാൻ ശ്രമിച്ചു. മറ്റൊരു അറബാബിന്റെ മകളുടെ വിവാഹത്തിൽ സംബന്ധിക്കാൻ പോയ സമയം നോക്കിയാണ് ഇവർ ഒളിച്ചോടാൻ ശ്രമിക്കുന്നത്.

മസറയിൽ നിന്ന് ഒളിച്ചോടിയതിന് ശേഷമാണ് മരുഭൂമിയുടെ വലുപ്പം ശരിക്കും നജീബ് വ്യക്തമാക്കിയത്. വിറങ്ങലിച്ച മണൽത്തരികളിലൂടെ കുറേ ദിവസത്തെ യാത്രകൾ നജീബിനെ പല പാഠങ്ങളും പഠിപ്പിച്ചു. മരുഭൂമിയിലൂടെ ദിവസങ്ങൾ നീണ്ടുനിന്ന പലായനത്തിൽ ദിശ നഷ്ടപ്പെട്ട അവർ ദാഹവും വിശപ്പും കൊണ്ടു വലഞ്ഞു. യാത്രക്കിടയിൽ ദാഹം സഹിക്കാതെ ഹക്കീം മരിച്ചു. പിന്നെയും പലായനം തുടർന്ന ഖാദരിയും നജീവും ഒടുവിൽ ഒരു മരുപ്പച്ച കണ്ടെത്തി. അവിടെ ദാഹം തീർത്ത് കുറച്ച് ദിവസം തങ്ങിയ ശേഷം അവർ വീണ്ടും യാത്ര തുടർന്നു. ഒടുവിൽ നജീബ് ഒരു ഹൈവേയിൽ എത്തുമ്പോഴേക്ക് ഖാദരിയെ കാണാതായിരുന്നു. അവിടെ നിന്നും, ഒരു അറബി അയാളെ തന്റെ കാറിൽ കയറ്റി, അടുത്ത പട്ടണമായ റിയാദിലെ ബഹ്തയിൽ എത്തിച്ചു.

ബത്ഹയിൽ എത്തിയ നജീബ്, കുഞ്ഞിക്കയുടെ ദീർഘനാളത്തെ പരിചരണത്തിനൊടുവിൽ മനുഷ്യരൂപവും ആരോഗ്യവും വീണ്ടെടുത്തു. നാട്ടിലേയ്ക്കു മടങ്ങാൻ വേണ്ടി പോലീസിൽ പിടികൊടുത്തു. ഷുമേസി ജയിലിലെ ഏതാനും മാസങ്ങൾക്ക് ശേഷം നജീബിന്റെ അറബി ജയിലിൽ വന്ന് നജീബിനെ തിരിച്ചറിഞ്ഞെങ്കിലും തിരിച്ച് കൊണ്ടുപോയില്ല. അയാളുടെ നിസ്സഹായത കണ്ടിട്ടാകാം അത് ചെയ്യാഞ്ഞത്. എന്നാൽ അത് നജീബിന് വേറൊരു ജീവിതം സൃഷ്ടിച്ചുകൊടുക്കുകയായിരുന്നു. എന്നാൽ നജീബ് അയാളുടെ വിസയിലെ ആളായിരുന്നില്ല. തുടർന്ന്, ഇന്ത്യൻ എംബസി നൽകിയ ഔട്ട്പാസ് മുഖേന നജീബ് നാട്ടിൽ തിരിച്ചെത്തുന്നു.

ഒരു അതിജീവനത്തിന്റെ കഥ തന്നെയാണ് 'ആടുജീവിതം.' യാതനയും വേദനയും നിറഞ്ഞ കുറച്ചുനാൾ അയാളെ ആകെ ഇല്ലാതാക്കുന്നു. മനുഷ്യന്റെ സഹനശേഷിയെ വിരൽ ചൂണ്ടുകയാണ് ഈ നോവൽ. അതിനാൽതന്നെ ഈ നോവലിന് ഇന്നും എന്നും വളരെ പ്രാമുഖ്യം നിറഞ്ഞു നിൽക്കുന്നു. 'ആടുജീവിതം' വെറുമൊരാളുടെ കഥയല്ല, നാം അറിയാതെ പോകുന്ന ഏതൊക്കെ മനുഷ്യ ജീവന്റെ കഥയായിരിക്കാം. എന്നാലും ഈ നോവൽ നമ്മെ പലതും പഠിപ്പിച്ചുതരുന്നു. നാം അനുഭവിക്കുന്ന ജീവിതമെല്ലാം നമുക്ക് വെറും കെട്ടുകഥകൾ മാത്രമാണ്. ബെന്യാമിൻ ഒരു വ്യത്യസ്ത രീതിയിലാണ് ഈ നോവൽ രചിച്ചിരിക്കുന്നത്. അതിനാൽതന്നെ അവ നോവലിന്റെ ഭാവതീവ്രത വർധിപ്പിക്കുന്നു.

നജീബ് ഇന്നലെകളെക്കുറിച്ച് വ്യാകുലപ്പെടുകയോ നാളയെക്കുറിച്ച് ആകാംക്ഷപ്പെടുകയോ ചെയ്തിരുന്നില്ല. എന്നാൽ ഇന്നിനെ എങ്ങനെ നേരിടാം എന്നുമാത്രം ചിന്തിച്ചു. മസറയിൽ ഓരോ ജോലി ചെയ്യുമ്പോഴും നജീബിന്റെ മനസ്സിലേക്ക് സ്വന്തം വീടും, നാടും, ഉമ്മയും ഭാര്യയുമെല്ലാം കടന്നുവരുന്നുണ്ട്. അവയെല്ലാം ഒരു ഓർമ്മകൾ മാത്രമായി മാറുമെന്നായിരുന്നു നജീബിന്റെ ഭയം. എന്നാൽ മസറയിൽ നിന്ന് ഒളിച്ചോടിയ നിമിഷം അയാളുടെ മനസ്സിൽ ഒരു പുതുജീവൻ ഉടലെടുക്കുന്നു.

# സോഷ്യൽ മീഡിയ നല്ല മുഖവും ചീത്ത മുഖവും

സോഷ്യൽ മീഡിയ ഇന്ന് നമ്മുടെ ജീവിതത്തിൽ വലിയ പങ്ക് വഹിക്കുന്നുണ്ട്. ഒരു ബട്ടൺ അമർത്തുമ്പോൾ, ബന്ധപ്പെട്ട പോസിറ്റീവ്, നെഗറ്റീവ് വിവരങ്ങളുടെ വിപുലമായ ശ്രേണിയിലേക്ക് ഞങ്ങൾക്ക് ആക്സസ് ലഭിക്കും. സോഷ്യൽ മീഡിയ വളരെ ശക്തമായ ഒരു മാധ്യമമാണ്, അത് എല്ലാവരേയും ബാധിക്കുന്നു. സോഷ്യൽ മീഡിയയില്ലാത്ത നമ്മുടെ ജീവിതം സങ്കൽപ്പിക്കാൻ പ്രയാസമാണ്, പക്ഷേ അതിന്റെ അമിതമായ ഉപയോഗം കാരണം, നാമും അതിന് വില നൽകേണ്ടിവരും. സമൂഹത്തിൽ സോഷ്യൽ മീഡിയയുടെ സ്വാധീനത്തെക്കുറിച്ച് ധാരാളം വാദങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്, അത് ഒരു അനുഗ്രഹമാണെന്ന് ചിലർ വിശ്വസിക്കുന്നു. മറ്റുള്ളവർക്ക് ഇത് ഒരു ശാപമാണെന്ന് തോന്നുന്നു.

സോഷ്യൽ മീഡിയ സമൂഹത്തിന്റെ സാമൂഹിക വികസനത്തിന് സംഭാവന നൽകുകയും നിരവധി ബിസിനസുകൾ വളർത്തുന്നതിന് സഹായിക്കുകയും ചെയ്യുന്നു. ദശലക്ഷക്കണക്കിന് ശക്തരായ ഉപഭോക്താക്കളിലേക്ക് എത്തിച്ചേരുന്നതിന് സോഷ്യൽ മീഡിയ, മാർക്കറ്റിംഗ് പോലുള്ള ഉപകരണങ്ങൾ ഇത് നൽകുന്നു. സോഷ്യൽ മീഡിയയിലൂടെ നമുക്ക് വിവരങ്ങളും വാർത്തകളും എളുപ്പത്തിൽ ലഭിക്കും. ഏതൊരു സാമൂഹിക കാരണത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനുള്ള നല്ലൊരു ഉപകരണമാണ് സോഷ്യൽ മീഡിയയുടെ ഉപയോഗം. ഉദ്യോഗാർത്ഥികൾക്കും ഇത് സഹായകമാണ്. ഒരു മടിയും കൂടാതെ സാമൂഹികമായി വികസിപ്പിക്കാനും ലോകവുമായി ഇടപഴകാനും വ്യക്തികളെ സഹായിക്കും. ഉയർന്ന ഉദ്യോഗസ്ഥരുടെ പ്രോത്സാഹജനകമായ പ്രസംഗങ്ങൾ കേൾക്കാൻ പലരും സോഷ്യൽ മീഡിയ ഉപയോഗിക്കുന്നു. ആളുകളുമായി ഇടപഴകാനും ഇത് നിങ്ങളെ സഹായിക്കും.

ആളുകൾക്കിടയിൽ നിരാശയും ഉത്കണ്ഠയും ഉളവാക്കുന്നതിൽ സോഷ്യൽ മീഡിയ ഒരു ഘടകമാണെന്ന് പല പരിശീലകരും വിശ്വസിക്കുന്നു. കുട്ടികളുടെ മാനസികവളർച്ചക്കുറവിനും ഇത് കാരണമാകുന്നുണ്ട്. സോഷ്യൽ മീഡിയയുടെ അമിത ഉപയോഗം ഉറക്കത്തെ ബാധിക്കുന്നു. സൈബർ ഭീഷണിപ്പെടുത്തൽ, ഇമേജ് കളങ്കപ്പെടുത്തൽ തുടങ്ങിയ നിരവധി നെഗറ്റീവ് ഇഫക്റ്റുകൾ ഉണ്ട്.സൈബർ ഭീഷണിപ്പെടുത്തൽ: പല കുട്ടികളും സൈബർ ഭീഷണിയുടെ ഇരകളായിത്തീർന്നിട്ടുണ്ട്, അതിനാൽ അവർ വളരെയധികം കഷ്ടപ്പെടുന്നു.

ഹാക്കിംഗ്: സുരക്ഷാ പ്രശ്നങ്ങൾക്കും ഐഡന്റിറ്റി, ബാങ്ക് വിശദാംശ മോഷണം തുടങ്ങിയ കുറ്റകൃത്യങ്ങൾക്കും കാരണമായേക്കാവുന്ന വ്യക്തിഗത ഡാറ്റയുടെ നഷ്ടം, അത് ഏതൊരു വ്യക്തിക്കും ദോഷം ചെയ്യും.

മോശം ശീലങ്ങൾ: സോഷ്യൽ മീഡിയയുടെ ദീർഘകാല ഉപയോഗം യുവാക്കൾക്കിടയിൽ ആസക്തിയിലേക്ക് നയിച്ചേക്കാം. മോശം ശീലങ്ങൾ കാരണം, പഠനം മുതലായ പ്രധാന കാര്യങ്ങളിൽ ശ്രദ്ധ നഷ്ടപ്പെടാം. ആളുകൾ അത് ബാധിക്കുകയും സമൂഹത്തിൽ നിന്ന് വേർപെടുത്തുകയും അവരുടെ വ്യക്തിജീവിതത്തെ നശിപ്പിക്കുകയും ചെയ്യുന്നു.

തട്ടിപ്പുകൾ: പല വേട്ടക്കാരും ദുർബലരായ ഉപയോക്താക്കളെ തിരയുന്നതിനാൽ അവർക്ക് തട്ടിപ്പ് നടത്താനും അവരിൽ നിന്ന് ലാഭം നേടാനും കഴിയും.

റിലേഷൻഷിപ്പ് തട്ടിപ്പ്: ഓൺലൈൻ തട്ടിപ്പിന്റെ ഏറ്റവും സാധാരണമായ കാരണം ഹണിട്രാപ്പുകളും അശ്ലീല എംഎംഎസുകളുമാണ്. ഇത്തരം കപട പ്രണയങ്ങളിൽ കുടുങ്ങി ആളുകൾ വഞ്ചിതരാകുന്നു.


പോസിറ്റീവും പ്രതികൂലവുമായ വശങ്ങളിൽ സംശയമില്ല, എന്നാൽ സോഷ്യൽ നെറ്റ്‌വർക്കിംഗിന്റെ ഉപയോഗത്തിൽ ഉപയോക്താക്കൾ അവരുടെ വിവേചനാധികാരം പ്രയോഗിക്കണം. ഒരു വിദ്യാർത്ഥിയെന്ന നിലയിൽ സംതൃപ്തമായ ജീവിതം നയിക്കാൻ, പഠനം, കായികം, സോഷ്യൽ മീഡിയ തുടങ്ങിയ ജോലികളിൽ സന്തുലിതാവസ്ഥ നിലനിർത്തണം.




# IMAGE GALLERY




























Police


M


C


F






130


145
145





കേരളം
STD II A Sivanya Pradeep


STD-VI A
Akshaya.M


Avanthika .KP 7-B


7-B
Neha fathima P





Garden




Morning
Evening
Night
keerthana ck - 7-B







ALEX PAUL - 5 B
WORLD
OZONE
DAY


ANWAR SALIM P


Avanthika.M.V STD: VI



National
Reading
Day
Reading is Dreaming with open Eyes!
Turn the pages of Imagination
Reading Day
Neha Fathima - 7-B



हिंदी हमारी शान
है देश का
अभिमान है ||
विश्व हिन्दी दिवस
अ
अनार
आ
आम
Keerthana.c.k


A Small village
Fathima Sulthana - 7-B

"Learning gives creativity, creativity leads to thinking, thinking provides knowledge, and knowledge makes you great."

DR. A.P.J ABDHUL KALAM



# [illegible]

Education is the most significant tool in eliminating poverty and unemployment. Moreover, it enhances the commercial scenario and benefits the country overall. So, the higher the level of education in a country, the better the chances of development are.In addition, this education also benefits an individual in various ways. It helps a person take a better and informed decision with the use of their knowledge. This increases the success rate of a person in life.Subsequently, education is also responsible for providing with an enhanced lifestyle. It gives you career opportunities that can increase your quality of life.

Similarly, education also helps in making a person independent. When one is educated enough, they won’t have to depend on anyone else for their livelihood. They will be self-sufficient to earn for themselves and lead a good life.

Above all, education also enhances the self-confidence of a person and makes them certain of things in life. When we talk from the countries viewpoint, even then education plays a significant role. Educated people vote for the better candidate of the country. This ensures the development and growth of a nation.

# ENVIRONMENT

World Environment Day is a campaign celebrated every year on 5th of June to solve environmental issues by implementing new and effective plans in order to make environment safe, secure and healthy for better future. It was declared by the United Nations General Assembly in 1972 during the opening of a special conference for environment named as “Stockholm Conference on the Human Environment”. It is a most important day commemorated annually to spread awareness about environment among people all over the world as well as encourage and motivate them to take positive actions regarding clean and beautiful environment on the earth. It is celebrated with lots of preparations as a big event of the year during which political attention and public actions are enhanced.

WED was established with various plans, agenda and objectives to remove all the environmental issues from this planet and make it really a beautiful planet. It was necessary to establish this particular event to focus on environmental problems and give people a face to environmental issues. Its celebration helps us to understand the importance of healthy environment for our healthy life as well as to empower public to be the active agents of sustainable and environment-friendly development worldwide. It spreads the common understanding among people that it is must to change their attitudes towards environmental issues to ensure the availability of a safer and more prosperous future to all the nations and peoples.

World environment day campaign is run by the United Nations Environment Programme (UNEP). Its headquarters are in Nairobi, Kenya however celebrated in over 100 countries all across the world. It was established in 1972 however celebrated first time in 1973. The celebration event of it is hosted every year by the different city (known as host city) with different theme (declared by the UNGA). It is celebrated through the international collaboration of people. The theme of world environment day celebration 2016 was “fight against the illegal trade in wildlife for life” and host country was Angola.

It focuses to bring people from all countries at one track to deal and combat with the climate changes and improve the management of forests. It is celebrated with many creative activities such as tree plantation, cultural activities by students, drawing, painting, quiz competitions, debate, lectures, essay writing, banner display, speech recitation, etc on topics related to the environment protection. Workshops (regarding sustainable project management) are also organized to encourage youths about the environment and climate change issues for safe future on the earth.

In 2009, an environment fair was held in Chennai and Bangalore with the activities like on the spot painting competition, training programmes for students over e-waste management, renewable energy devices, wildlife conservation, rain water harvesting systems, waste recycle and reuse processes, debates on rising global warming, biodegradable wastes, awareness drives about “go green” revolution, etc for eco-friendly infrastructure and energy efficiency to curb global warming and save natural resources.

# EDUCATION SYSTEM OF INDIA

Our Indian education system faces a lot of problems that do not let it prosper and help other children succeed in life. The biggest problem which it has to face is the poor grading system. It judges the intelligence of a student on the basis of academics which is in the form of exam papers. That is very unfair to students who are good in their overall performance but not that good at specific subjects.

Moreover, they only strive to get good marks not paying attention to understanding what is taught. In other words, this encourages getting good marks through mugging up and not actually grasping the concept efficiently.

Furthermore, we see how the Indian education system focuses on theory more. Only a little percentage is given for practical. This makes them run after the bookish knowledge and not actually applying it to the real world. This practice makes them perplexed when they go out in the real world due to lack of practical knowledge.

Most importantly, the Indian education system does not emphasize enough on the importance of sports and arts. Students are always asked to study all the time where they get no time for other activities like sports and arts.

As the Indian Education System is facing so many problems, we need to come up with effective solutions so it improves and creates a brighter future for students. We can start by focusing on the skill development of the students. The schools and colleges must not only focus on the ranks and grades but on the analytical and creative skills of children.In addition, subjects must not be merely taught theoretically but with practical. This will help in a better understanding of the subject without them having to mug up the whole thing due to lack of practical knowledge. Also, the syllabus must be updated with the changing times and not follow the old age pattern.

Other than that, the government and private colleges must now increase the payroll of teachers. As they clearly deserve more than what they offer. To save money, the schools hire teachers who are not qualified enough. This creates a very bad classroom environment and learning. They must be hired if they are fit for the job and not because they are working at a lesser salary. In conclusion, the Indian education system must change for the better. It must give the students equal opportunities to shine better in the future. We need to let go of the old and traditional ways and enhance the teaching standards so our youth can get create a better world.